പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2155 18.12.2012 ൽ മറുപടിയ്ക്ക്

കായംകുളം എൻ.റ്റി.പി.സി.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. എം. ആരിഫ് | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) |
| (എ) കായംകുളം എൻ.റ്റി.പി.സി. കമ്മീഷൻ ചെയ്യുമ്പോൾ എത്ര യൂണിറ്റ് വൈദ്യുതിയാണ് ഉല്പാദിപ്പിച്ചിരുന്നത്; ഇതിൽ എത്ര യൂണിറ്റ് വൈദ്യുതിയാണ് കേരളത്തിന് ലഭ്യമായിരുന്നത്; | (എ) നാഷണൽ തെർമ്മൽ പവർ കോർപ്പറേഷനുമായി 06.01.1995-ൽ ഒപ്പവച്ച കരാർ പ്രകാരം 359.58 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള കായംകുളം താപവൈദ്യുതി നിലയത്തിന്റെ മുഴുവൻ സ്ഥാപിതശേഷിയും കേരളത്തിന് അനുവദിച്ചിട്ടുള്ളതാണ്. ഇപ്രകാരം 01.03.2000-ൽ കൊമ്മേഴ്ശ്യൽ ഓപ്പറേഷൻ നിലവിൽ വന്ന നിലയത്തിൽ നിന്നും 2000-01 സാമ്പത്തിക വർഷത്തിൽ മൊത്തം ഉൽപാദിപ്പിച്ച 1904 മില്യൺ യൂണിറ്റ് വൈദ്യുതിയും കേരളത്തിനാണ് ലഭിച്ചത്. |
| (ബി) 2009 വരെ കായംകുളം എൻ.റ്റി.പി.സി.യിൽ എത്ര യൂണിറ്റ് വൈദ്യുതിയുടെ ഉല്പാദന വർദ്ധനവ് ആണ് ഓരോ വർഷവും ഉണ്ടായത്; ഇതിൽ എത്ര യൂണിറ്റ് വൈദ്യുതിയാണ് ഓരോ വർഷവും കേരളത്തിന് അധികമായി ലഭിച്ചത്; | (ബി) കായംകുളം താപവൈദ്യുതി നിലയത്തിന്റെ സ്ഥാപിത ശേഷിയിൽ 01.03.2000-ത്തിനു ശേഷം വർദ്ധനവ് ഉണ്ടായിട്ടില്ല.<br>1998-99 സാമ്പത്തിക വർഷം മുതൽ 2009-10 സമ്പത്തിക വർഷം വരെ കായംകുളം താപനിലയത്തിൽ നിന്നും |

(... 2)

കേരളം വാങ്ങിയ താപ വൈദ്യുതിയുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | മില്യൺ യൂണിറ്റ് |
|---|---|
| 1998-1999 | 243.17 |
| 1999-2000 | 1171.69 |
| 2000-2001 | 1904.38 |
| 2001-2002 | 1280.14 |
| 2002-2003 | 1857.53 |
| 2003-2004 | 1034.95 |
| 2004-2005 | 254.51 |
| 2005-2006 | 124.84 |
| 2006-2007 | 413.22 |
| 2007-2008 | 453.28 |
| 2008-2009 | 949.67 |
| 2009-2010 | 1162.78 |

2000-2001 കാലയളവിൽ വാങ്ങിയ വൈദ്യുതിയുമായി താരതമ്യപ്പെടുത്തുമ്പോൾ തുടർ വർഷങ്ങളിൽ കുറവാണ് രേഖപ്പെടുത്തുന്നത്.

(സി) 2009 മുതൽ 2012 വരെ എത്ര യൂണിറ്റ് വൈദ്യുതിയുടെ ഉല്പാദന വർദ്ധനവ് ആണ് ഓരോ വർഷവും ഉണ്ടായിട്ടുള്ളത്; എത്ര യൂണിറ്റ് വൈദ്യുതിയാണ് കേരളത്തിന് ഓരോ വർഷവും അധികമായി ലഭിച്ചതെന്നറിയിക്കുമോ?

(സി) 2009-2010 സാമ്പത്തിക വർഷം മുതൽ 2012-13 സാമ്പത്തിക വർഷം നവംബർ മാസം വരെ വാങ്ങിയ വൈദ്യുതിയുടെ വിവരം താഴെപ്പറയുന്നു.

| വർഷം | മില്യൺ യൂണിറ്റ് |
|---|---|
| 2009-2010 | 1162.78 |
| 2010-2011 | 1009.47 |
| 2011-2012 | 486.36 |
| 2012-2013 | 859.35 |

2000-2001 സാമ്പത്തിക വർഷവുമായി താരതമ്യം ചെയ്യുമ്പോൾ 2009 മുതൽ 2012 വരെ ഉല്പാദന വർദ്ധനവ് ഉണ്ടായിട്ടില്ല.

എന്നാൽ 14.09.2011 മുതൽ തമിഴ്നാടിന് കൈമാറിയിരുന്ന 180 മെഗാവാട്ട് സ്ഥാപിത ശേഷി വീണ്ടും കേരളത്തിന് ലഭിക്കുകയുണ്ടായി. ഇപ്രകാരം പ്രതിമാസം 110 മില്യൺ യൂണിറ്റ് കേരളത്തിനു വേണ്ടി അധികമായി ഉൽപാദിപ്പിക്കാനാകും. എന്നാൽ കായംകുളം നിലയത്തിൽ നിന്നുള്ള വൈദ്യുതി നിരക്ക് ക്രമാതീതമായി ഉയരുന്നതിനാൽ മുഴുവൻ സ്ഥാപിതശേഷിയും ഉപയോഗിക്കുവാനാകുന്നില്ല.

**സെക്ഷൻ ഓഫീസർ.**